"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-പോലീസ് ജീവനക്കാര്യം-കോട്ടയം ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റിലെ CPO K 7823 ശ്രീ.രഞ്ജിത്ത് വി.ആർ ന് മെഡിക്കൽ അവധിയിലായിരുന്ന കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(പി)വകുപ്പ്**

സ.ഉ.(സാധാ) നം.2177/2026/HOME തീയതി,തിരുവനന്തപുരം, 29-06-2026

---

പരാമർശം:- 1. 24/08/2017-ലെ സ.ഉ(പി)നം.112/2017/ധനം

2. സംസ്ഥാന പോലീസ് മേധാവിയുടെ 13/05/2026-ലെ ഇ5-75072/2026/PHQ നം.കത്ത്

**ഉത്തരവ്**

കോട്ടയം ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റിലെ CPO K 7823 ശ്രീ.രഞ്ജിത്ത് വി.ആർ,താൻ 22/02/2026-ന് പാറാവ് ഡ്യൂട്ടി കഴിഞ്ഞ് തിരികെ വീട്ടിലേക്ക് വരുന്ന വഴി വാഹനാപകടമുണ്ടായി പരിക്കുപറ്റി ചികിത്സയിലായിരുന്ന 23/02/2026 മുതൽ 23/03/2026 വരെയുള്ള കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിക്കണമെന്നഭ്യർത്ഥിക്കുകയും, ആയത് സംസ്ഥാന പോലീസ് മേധാവി പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ശ്രീ.രഞ്ജിത്ത് വി.ആർ-ന് സംഭവിച്ച പരിക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ഉണ്ടായതാണെന്ന് ജില്ലാ പോലീസ് മേധാവി,കോട്ടയം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.കൂടാതെ ടിയാൻ പ്രസ്തുത അവധിക്ക് ശേഷം 24/03/2026-ൽ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട ലീവ് റോൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നുമുണ്ട്.ഈ സാഹചര്യത്തിൽ കോട്ടയം ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റിലെ CPO K 7823 ശ്രീ.രഞ്ജിത്ത് വി.ആർ-ന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി സംഭവിച്ച അപകടത്തെ തുടർന്ന് ടിയാൻ മെഡിക്കൽ അവധിയിലായിരുന്ന 23/02/2026 മുതൽ 23/03/2026 വരെയുള്ള കാലയളവ് കെഎസ്ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്)തിരുവനന്തപുരം
ശ്രീ.രഞ്ജിത്ത് വി.ആർ.,CPO K 7823(സംസ്ഥാന പോലീസ് മേധാവി മുഖേന)

വിവരപൊതുജന സമ്പർക്ക(വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Annlet Rose S
സെക്ഷൻ ഓഫീസർ
Date: 30-06-2026 12:19:57